**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2011 നവംബർ 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1224/2011.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി IX
## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ
,, സി. മമ്മൂട്ടി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, ഇ. കെ. വിജയൻ
,, കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX (2008-2011)-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII (2008-2011)-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും സ്റ്റേറ്റുമെന്റുകൾ ലഭിക്കാത്തവ സംബന്ധിച്ചുള്ള വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX (2008-2011)-ന്റെയും സബ്ജക്ട് കമ്മിറ്റി VII (2008-2011)-ന്റെയും 5-ാമത് റിപ്പോർട്ടുകൾ 29-6-2010-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകളിൽ അടങ്ങിയിരുന്നതും യഥാക്രമം തദ്ദേശസ്വയംഭരണം, ഭവനനിർമ്മാണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടതുമായ XXXVI, XXI എന്നീ ധനാഭ്യർത്ഥനകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച സ്റ്റേറ്റുമെന്റുകൾ 3-11-2010, 20-10-2011 തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ സംബന്ധിച്ച വിവരങ്ങളും ചേർത്തിരിക്കുന്നു.

2011 ഒക്ടോബർ 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

| | |
|---|---|
| നിയമസഭാ സെക്രട്ടേറിയറ്റ്, | കെ. സി. ജോസഫ്, |
| തിരുവനന്തപുരം, | *ചെയർമാൻ,* |
| 2011 നവംബർ, 3. | *സബ്ജക്റ്റ് കമ്മിറ്റി IX.* |

# റിപ്പോർട്ട്

<u>ഭാഗം 1</u>

## എ. 2010 - 11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളും.

### ധനാഭ്യർത്ഥന XXXVI

ശുപാർശ

2007-08 മുതൽ കുടുംബശ്രീ മിഷന്റെ മേഖല വ്യാപിച്ചതായും എന്നാൽ ബഡ്ജറ്റ് വിഹിതത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കി. 2009-10-ൽ കുടുംബശ്രീ 121.88 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ വ്യാപിച്ചിട്ടുള്ളതിനാൽ കുടുംബശ്രീക്ക് ഈ വർഷം അനുവദിച്ചിട്ടുള്ള 30 കോടി രൂപയ്ക്കു പുറമേ 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കുടുംബശ്രീക്ക് 2010-11 വർഷത്തിൽ അനുവദിച്ചിരുന്ന പദ്ധതി വിഹിതമായ 30 കോടി രൂപയ്ക്കു പുറമേ 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതു പ്രകാരം സാമൂഹ്യസുരക്ഷാ മിഷനിൽ നിന്നും 20 കോടി രൂപ കൂടി 2-11-2010-ലെ സ.ഉ.(സാധാ) നമ്പർ 462/2010/സാ.ക്ഷേ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49016/ഐ.എ1/2010/തസ്വഭവ. തീയതി 8-12-2010)

ശുപാർശ

പഞ്ചായത്തുകൾക്ക് നൽകി വരുന്ന മെയിന്റനൻസ് ഗ്രാന്റ് ആസ്തി അടിസ്ഥാനമാക്കി അനുവദിക്കുകയാണെങ്കിൽ ഫണ്ട് റീ ഡിസ്ട്രിബ്യൂട്ടു ചെയ്യുവാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ആസ്തി അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് പുതുക്കിയ അലോക്കേഷൻ തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകുന്ന ശുപാർശകളിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി അനുസരിച്ച്

KNPP. 1224/2011.

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണമെന്ന ശുപാർശയിന്മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ: 48673/എഫ്.എം1/2010/തസ്വഭവ. തീയതി. 1-10-2010)

## ബി. 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 5-ാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### ധനാഭ്യർത്ഥന നമ്പർ XXI

ശുപാർശ

2216-80-103-99(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

2009-10-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പത്രപ്രവർത്തകർക്ക് സബ്സിഡി അനുവദിക്കുന്നതിനായി ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 13.20 ലക്ഷം രൂപയാണ് അനുവദിച്ചത്. 2010-11 വർഷത്തിൽ 50 പത്രപ്രവർത്തകർക്ക് 50,000 രൂപ വീതം ഭവന നിർമ്മാണ സബ്സിഡി അനുവദിക്കുന്നതിന് 25 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15 ലക്ഷം രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു. നിലവിൽ ബോർഡിൽ 50 അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ അതിന് ആവശ്യമായ 10 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതകളുടെ പരിമിതി കാരണം സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ: 4520/ബി2/2010/ഭവനം. തീയതി. 7-6-2011)

ശുപാർശ

**സുരക്ഷാ ഭവന പദ്ധതി**

ഈ സാമ്പത്തിക വർഷം സുരക്ഷാ ഭവന പദ്ധതിയിലൂടെ 2000 വീടുകൾക്ക് സബ്സിഡി നല്കുന്നതിന് 500 ലക്ഷം രൂപ അനുവദിക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നു എങ്കിലും 222 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 278 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ

**ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം**

2010-11 വർഷത്തിൽ 3900 ലക്ഷം വീടുകൾ പുനർ നിർമ്മിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിലേക്കായി 16,08,62,500 രൂപ വേണ്ടിവരും. കൂടാതെ 2009-10 വർഷത്തിൽ പഴയ നിരക്കിൽ സബ്സിഡി നല്കിയ വീടുകൾക്ക് സബ്സിഡിയുടെ വർദ്ധിപ്പിച്ച വിഹിതം നല്കുന്നതിന് 5,91,37,500 രൂപയും വേണ്ടിവരും. ഇപ്രകാരം 2010-11-ൽ ഈ പദ്ധതിക്കായി ആകെ 22 കോടി രൂപ ആവശ്യമാണ്. എന്നാൽ 15 കോടി രൂപ കൂടി മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 7 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13 & 14 )

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കൂടുതൽ അനുവദിക്കുവാൻ നിലവിലുള്ള സാമ്പത്തികസ്ഥിതി അനുവദിക്കാത്തതിനാലും 2010-11 ബഡ്ജറ്റ് പ്രൊവിഷൻ സാമാന്യം ഭേദപ്പെട്ടതിനാലും സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ: 4527/സി1/2010/ഭവനം. തീയതി. 6-4-2011)

ശുപാർശ

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

ഈ പദ്ധതിക്കായി 6 കോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു എങ്കിലും 250 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. കുട്ടനെല്ലൂരും, പൂജപ്പുരയിലും പദ്ധതി നടപ്പാക്കുന്നുണ്ട്. കുട്ടനെല്ലൂരിലെ പദ്ധതി നടപ്പാക്കാൻപോലും ഈ തുക മതിയാവുന്നതല്ല. ആയതിനാൽ ബാക്കി തുകയായ 350 ലക്ഷം രൂപ കൂടി കുട്ടനെല്ലൂർ, പൂജപ്പുര എന്നീ ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീമുകൾക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18 )

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ ബോർഡ്, ഈ പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ: 4520/ബി2/2010/ഭവനം. തീയതി. 7-6-2011)

ശുപാർശ

4216-01-106-95—ദേവികുളത്ത് സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന പദ്ധതി

ഈ പദ്ധതി പ്രകാരം 40 വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 300 ലക്ഷം രൂപ അനുവദിക്കാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത് 200 ലക്ഷം രൂപയാണ്. ആയതിനാൽ ബാക്കി തുകയായ 100 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19 )

സർക്കാർ സ്വീകരിച്ച നടപടി

ഭരണപരവും സാങ്കേതികവുമായ കാരണങ്ങളാൽ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. അതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ: 4520/ബി2/2010/ഭവനം. തീയതി. 7-6-2011)

ശുപാർശ

1996-97 മുതൽ 2006-07 വരെ മൈത്രീ ഭവന പദ്ധതിയിലൂടെ 2,64,951 വീടുകൾക്ക് ഭവന നിർമ്മാണ ബോർഡ് വായ്പ നല്കുകയുണ്ടായി. 1992-93 മുതൽ 1995-96 വരെ 12023 വീടുകൾ നിർമ്മിച്ചു നല്കി. അങ്ങനെ ആകെ 2,76,974 വീടുകൾക്ക് നല്കേണ്ട ക്യാപ്പിറ്റൽ സബ്സിഡി തുക 24,327.66 ലക്ഷം രൂപയാണ്. ഇതിനു പുറമേ സർക്കാർ 1992-93-ൽ 5%-വും 1993-94 മുതൽ 8.5%-വും നിരക്കിൽ പലിശ സബ്സിഡി അനുവദിച്ചിരുന്നു. അങ്ങനെ 2007-08 വരെയുള്ള പലിശ സബ്സിഡി 26,818.20 ലക്ഷം രൂപയാണ്. ക്യാപ്പിറ്റൽ സബ്സിഡി ഇനത്തിലും പലിശ സബ്സിഡി ഇനത്തിലും സർക്കാർ മൊത്തം നല്കേണ്ട തുക 51,145.86 ലക്ഷം രൂപയാണ്. കൂടാതെ 2008-09-ലെ പലിശ സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട തുക 3,108.91 ലക്ഷം രൂപയാണ്. അപ്രകാരം 2008-09 വർഷം വരെ ആകെ ലഭിക്കേണ്ട തുക 54,254.77 ലക്ഷം രൂപയാണ്. അതിൽ 2008-09 വരെ 43,672 ലക്ഷം രൂപ മാത്രമേ ബോർഡിന് നല്കിയിട്ടുള്ളു. 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 164.85 കോടി രൂപ മൈത്രീ ഭവന പദ്ധതിക്ക് ഉൾക്കൊള്ളി ക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ബോർഡിന് ലഭിക്കേണ്ട തുകയായ 164.85 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

മൈത്രീ ഭവന പദ്ധതി സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ: 4527/സി1/2010/ഭവനം. തീയതി. 6-4-2011)

ഭാഗം 2

## എ. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ടിൽ പഞ്ചായത്ത്, സാമൂഹ്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും മറുപടി ലഭിക്കാനുള്ള ശുപാർശകൾ.

### ധനാഭ്യർത്ഥന XXXVI

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

2515-00-001-49—എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്.

പ്രത്യേക ഘടക പദ്ധതി, കുടുംബശ്രീ, ഭവനനിർമ്മാണം തുടങ്ങിയ പദ്ധതികളിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരാണ് നിർവ്വഹിച്ചുവരുന്നത്. ഇവർക്ക് യാത്രപ്പടി ഇനത്തിൽ രണ്ടു വർഷത്തെ കുടിശ്ശിക നൽകുവാനുണ്ട്. ഈ കുടിശ്ശിക തീർക്കുന്നതിനായി 2515-00-001-49(1) ശീർഷകത്തിൽ 180 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

2515-00-003-50—ഗ്രാമസേവന പരിശീലന കേന്ദ്രങ്ങൾ

പരിശീലനം നടത്തുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സ്റ്റൈപ്പെന്റ് കൊടുക്കുന്നതിനായി 2515-00-003-50 (12) (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 15 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. ഏകദേശം 750 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നടപ്പു സാമ്പത്തിക വർഷം പരിശീലനം നൽകേണ്ടതുള്ളതിനാൽ 168.50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം

തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിൽ തിരുവനന്തപുരത്ത് പലയിടങ്ങളിലായി സർക്കാർ കെട്ടിടങ്ങളിലും വാടകകെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്ന സംസ്ഥാനതല ഓഫീസുകൾ ഒരേ കെട്ടിടത്തിൽ കൊണ്ടുവരുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള സ്വരാജ് ഭവന്റെ പണി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന്

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത തുക 1250 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## ബി. 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII–ന്റെ 5-ാമത് റിപ്പോർട്ടിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും മറുപടി ലഭിക്കാനുള്ള ശുപാർശകൾ

### ധനാഭ്യർത്ഥന XXI

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് 17 ചെറുകിട മരാമത്ത് പണികൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തു പണികൾക്കായി 2010-11 വർഷത്തേക്ക് 450 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ക്വാർട്ടേഴ്സുകളുടെ നവീകരണവും ചെറുകിട മരാമത്തുപണികളും നടപ്പാക്കാനുണ്ട്. അതോടൊപ്പം കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകേണ്ടതുമുണ്ട്. ഈ ചെലവുകൾക്കായി 150 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും (സിവിലും ഇലക്ട്രിക്കലും) സംബന്ധിച്ചുള്ള പണികൾക്കായി 175 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുള്ള സ്ഥാനത്ത് 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ, 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും.

ഹൗസിംഗ് കമ്മീഷണർ ഓഫീസിലെ കമ്പ്യൂട്ടർ പരിപാലനത്തിനും ഓഫീസ് ആധുനികവൽക്കരണത്തിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 53,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 1,47,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

ഈ ശീർഷകത്തിൽ 500 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ തുടർന്ന് നടത്തിക്കൊണ്ടു പോകുന്നതിന് 70 ലക്ഷം രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 70 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ കേന്ദ്രത്തിൽ പരിശീലനത്തിനും ഗവേഷണത്തിനും നടത്തിപ്പിനുമായി ആവശ്യപ്പെട്ടിരുന്നത് 268 ലക്ഷം രൂപ ആയിരുന്നുവെങ്കിലും 150 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിന് 5 ഏക്കറിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിനും, കെട്ടിടനിർമ്മാണ ത്തിലെ വിവിധ സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന തിനും ഗവേഷണം നടത്തുന്നതിനുമായി വ്യത്യസ്ത സ്കൂളുകൾ സ്ഥാപിക്കുന്നതിന് തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 118 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01) സഹായധനം :

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 37.35 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

2216-80-800-87—പ്രവാസി ഭവന പദ്ധതി

പദ്ധതി ചെലവായ 10.05 കോടി രൂപയിൽ 8 കോടി രൂപ 2010-11-ലെ ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് അഭ്യർത്ഥിച്ചിരുന്നതെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കോഴിക്കോട് ഈ പദ്ധതി നടപ്പാക്കുന്നതിനായി ബാക്കി തുകയായ 7 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

4216-01-106-98—നിർമ്മാണം

(01) വാടകയ്ക്കുള്ള ഭവന നിർമ്മാണ പദ്ധതി

(02) ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

(16 വൻകിട മരാമത്തുപണികൾ)

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2010-11 വർഷത്തേക്ക് 600 ലക്ഷം രൂപ ആവശ്യപ്പെട്ടിരിന്നുവെങ്കിലും 100 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. പൊതുമരാമത്ത് ജീവനക്കാരുടെ ക്വാർട്ടേഴ്സ്, കണ്ണൂർ ഗവ. ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവ പൂർത്തിയാക്കുന്നതിനും എറണാകുളം ഗാന്ധിനഗർ ഫയർഫോഴ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സിനും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ പുതുതായി പല പണികളും ഏറ്റെടുക്കുന്നതിനും പദ്ധതിയുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

03 ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ

(16) വൻകിട മരാമത്തുപണികൾ

എറണാകുളം തൃക്കാക്കരയിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണി പുരോഗതിയിലാണ്. മൂന്നു മാസത്തിനകം കെട്ടിട നിർമ്മാണം പൂർത്തിയാകും. ഈ ശീർഷകത്തിൽ 350 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

4216-01-700-93—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

2010-11 വർഷത്തേക്ക് 500 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജുഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, പറവൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് ക്വാർട്ടേഴ്സ്, ശാസ്താംകോട്ട മുൻസിഫ് ക്വാർട്ടേഴ്സ് എന്നിവയുടെയും ഭരണാനുമതി പ്രതീക്ഷിക്കുന്ന മറ്റു ചില ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം ഏറ്റെടുക്കാനുണ്ട്. ജുഡീഷ്യൽ പേ കമ്മീഷൻ ഉത്തരവു പ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് സൗജന്യ താമസസൗകര്യം നൽകണം. അതിനാൽ ഭൂമി അക്വയർ ചെയ്ത് കൂടുതൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ആയതിനാൽ, വകയിരുത്തിയ തുകയ്ക്കു പുറമേ 100 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 750 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങളിലേക്ക് മുൻകാലങ്ങളിൽ മുതലും പലിശയും കോർപ്പറേഷന്റെ മറ്റു ഫണ്ടുകളിൽ നിന്നും എടുത്ത് വിനിയോഗിച്ചത് റഗുലറൈസ് ചെയ്യുന്നതിലേക്കും

സർക്കാരിലേക്ക് ഗ്യാരണ്ടി കമ്മീഷൻ കൊടുക്കുന്നതിലേക്കുമായി നോൺ പ്ലാൻ ഇനത്തിൽ 2950.40 ലക്ഷം രൂപയും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. എന്നാൽ, പ്ലാൻ വിഹിതമായി 600 ലക്ഷം രൂപയും നോൺ പ്ലാൻ വിഹിതമായി 193.60 ലക്ഷം രൂപയും മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുകകൾ തികച്ചും അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ പ്ലാൻ വിഭാഗത്തിൽ 150 ലക്ഷം രൂപയും നോൺ പ്ലാൻ വിഭാഗത്തിൽ 2756.80 ലക്ഷം രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*